പച്ചത്തൊണ്ട്, ചകിരി എന്നിവയുടെ വിലനിലവാരം

126 [2095] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മുതൽ 2004 ഏപ്രിൽ വരെയുള്ള ഓരോ മാസവും സംസ്ഥാനത്ത് ഓരോ പ്രോജക്ട് ഏരിയയിലും പച്ചത്തൊണ്ട്, ചകിരി എന്നിവയുടെ ശരാശരി വില എത്രവീതമായിരുന്നു; വിലയിൽ ക്രമാതീതമായ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രോജക്ട് ഏരിയ തിരിച്ച് പച്ചത്തൊണ്ട്, ചകിരി എന്നിവയുടെ നിലവിലുള്ള വില എത്രയാണ്;

(സി) ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ പൂർത്തിയായിയെന്നും എത്ര ടൺ ചകിരി ഇറക്കുമതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) കടത്തുകൂലി അടക്കം എന്തുവിലയ്ക്ക് ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആന്റ് (ബി) പച്ചത്തൊണ്ട്, ചകിരി എന്നിവയുടെ കയർ പ്രോജക്ട് ഏരിയ തിരിച്ചുള്ള ശരാശരി വില, നിലവിലുള്ള വില എന്നിവയുടെ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. മണ്ഡരി രോഗബാധ, കാലാവസ്ഥയിലുള്ള വ്യതിയാനം, ഇളനീരിന്റെ വ്യാപകമായ ഉപയോഗം എന്നിവമൂലമുണ്ടായ പച്ചത്തൊണ്ടിന്റെയും ചകിരിയുടേയും ദൗർലഭ്യം അതിന്റെ ഫലമായുണ്ടായ ഡിമാന്റ് എന്നിവയാണ് പച്ചത്തൊണ്ട്, ചകിരി എന്നിവയുടെ വിലവർദ്ധനവുണ്ടാകുന്നതിനുള്ള കാരണങ്ങൾ. †

(സി) ആന്റ് (ഡി) ഒരു താൽക്കാലിക സംവിധാനമായി ഇറക്കുമതി ചുങ്കം കൂടാതെ ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യുവാനുള്ള അനുവാദത്തിനായി കേന്ദ്ര സർക്കാരിലേക്കെഴുതിയിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറയ്ക്ക് യുക്തമായ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. ആയതിനാൽ വിലയെക്കുറിച്ചും മറ്റും ധാരണയായിട്ടില്ല.

കോഴിക്കോട് ജില്ലയിലെ കയർ തൊഴിലാളികൾ

127 [2096] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിൽ മൊത്തം എത്ര കയർ തൊഴിലാളികൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI—(തുടർച്ച)

- Schemes which provide financial assistance for training on traditional motorized ratts for women can be worked out. In addition, financial assistance may be provided to women for purchase of ratts.
- The provision for old age pension for coir workers should be increased. It is very meager at present.
- All stakeholders, namely workers, Government, exporters and producers should contribute their shareson a regular basis to the Welfare Fund to ensure that coir workers can benefit from the fund.

അനുബന്ധം XVII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 126 (2095) കാണുക.]

പച്ചത്തൊണ്ട്, ചകിരി എന്നിവയുടെ കയർ പ്രോജക്ട് ഏരിയ തിരിച്ചുള്ള ശരാശരി വില, നിലവിലുള്ള വില എന്നിവയുടെ സ്റ്റേറ്റ്മെന്റ്

പ്രോജക്ട് ഏരിയ	2001-2002		2002-2003		2003-2004		നിലവിലുള്ള വില	
	പച്ചത്തൊണ്ട് (1000-ന്)	ചകിരി (കിന്റലിന്)	പച്ചത്തൊണ്ട് (1000-ന്)	ചകിരി (കിന്റലിന്)	പച്ചത്തൊണ്ട് (1000-ന്)	ചകിരി (കിന്റലിന്)	പച്ചത്തൊണ്ട് (1000-ന്)	ചകിരി (കിന്റലിന്)
ചിറയിൻകീഴ് . .	560	. . .	615	. .	705	. .	1050	. .
കൊല്ലം . .	650	900	550	1000	700	1100	1050	1550
കായംകുളം . .	464	884	492	1025	510	1327	550	1480
ആലപ്പുഴ . .	380	930	420	1000	425	1055	480	1550
വൈക്കം . .	370	800	400	900	425	1400	425	1400
നോർത്ത് പറവൂർ . .	217	861	285	797	350	1040	400	1210
തൃശൂർ . .	426	1132	358	1005	230	1354	220	1300
പൊന്നാനി . .	220	850	380	915	530	1100	560	1250
കോഴിക്കോട് . .	400	1263	395	1136	490	1300	490	1300
കണ്ണൂർ . .	275	1300	290	1200	300	1250	350	1300

LIBRARY ARCHIVES Kerala Legislative Assembly